**കേരള സർക്കാർ**

<u>സംഗ്രഹം</u>

ആരോഗ്യകുടുംബക്ഷേമ വകുപ്പ് - ആരോഗ്യവകുപ്പ് - ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കമ്മ്യൂണിക്കേറ്റീവ് & കോഗ്നിറ്റീവ് ന്യൂറോസയൻസസ് (ICCONS) -പാലക്കാട് ജില്ലയിലെ പട്ടാമ്പി താലൂക്ക് ആശുപത്രിയിലെ കാഷ്വാലിറ്റി മെഡിക്കൽ ഓഫീസറായ ഡോ.ഹംസ.എം (പീഡിയാട്രിക്) ന്റെ അന്യത്ര സേവന കാലാവധി ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

..........................................................................................................................................

**ആരോഗ്യകുടുംബക്ഷേമ (പി) വകുപ്പ്**

**സ.ഉ.(സാധാ) നം.2400/2020/ആ.കു.വ** **തീയതി, തിരുവനന്തപുരം, 28.12.2020**

..........................................................................................................................................

പരാമർശം:- 1. 06.07.2019 ലെ സ.ഉ (സാധാ) 1648/2019/ആ.കു.വ. നമ്പർ ഉത്തരവ്

2. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 29/09/2020 ലെ ഇ.എ 6-70118/2020/ആ.വ.ഡ നമ്പർ കത്ത്.

3. ഐക്കൺസ് ഡയറക്ടറുടെ 08/09/2020 ലെ 95/ഇ എസ് റ്റി റ്റി/2019/ഐക്കൺസ്-എസ്.ആർ.ആർ നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പരാമർശം (1) ലെ സർക്കാർ ഉത്തരവ് പ്രകാരം പാലക്കാട് ജില്ലയിലെ പട്ടാമ്പി താലൂക്ക് ആശുപത്രിയിലെ കാഷ്വാലിറ്റി മെഡിക്കൽ ഓഫീസറായ ഡോ.ഹംസ.എം-ന് (പീഡിയാട്രിക്) ഒരു വർഷത്തേയ്ക്ക് അന്യത്ര സേവന വേതന വ്യവസ്ഥയിൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കമ്മ്യൂണിക്കേറ്റീവ് & കോഗ്നിറ്റീവ് ന്യൂറോ സയൻസസ് (ഐക്കോൺസ്), ഷൊർണ്ണൂരിൽ സേവനം അനുഷ്ഠിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഡോ.ഹംസ.എം ന്റെ അന്യത്ര സേവന കാലാവധി 31.08.2020 മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിക്കുന്നതിലേക്കായുള്ള അപേക്ഷ ആരോഗ്യ വകുപ്പ് ഡയറക്ടറുടെ നിരാക്ഷേപ പത്രം സഹിതം പരാമർശം (2) പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടർ അയച്ചുതന്നിരുന്നു. ഡോ.ഹംസയുടെ അന്യത്ര സേവന കാലാവധി 31.08.2020 മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് നൽകുന്നതിന് സമ്മതമാണെന്ന് ഐക്കോൺസ് ഡയറക്ടർ പരാമർശം (3) പ്രകാരം അറിയിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പാലക്കാട് ജില്ലയിലെ പട്ടാമ്പി താലൂക്ക് ആശുപത്രിയിലെ കാഷ്വാലിറ്റി മെഡിക്കൽ ഓഫീസറായ ഡോ.ഹംസ.എം (പീഡിയാട്രിക്) ന്റെ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കമ്മ്യൂണിക്കേറ്റീവ് & കോഗ്നിറ്റീവ് ന്യൂറോ സയൻസസ് (ഐക്കോൺസ്), ഷൊർണ്ണൂരിലെ അന്യത്ര സേവന കാലാവധി കേരള സർവീസ് റൂൾസ് ചട്ടം 144 പ്രകാരമുള്ള വ്യവസ്ഥകളോടെ 31.08.2020 മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം**
**രമേഷ്.ജി.ആർ**
**ഡെപ്യൂട്ടി സെക്രട്ടറി**

**പകർപ്പ്:-**

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.

ഡയറക്ടർ, ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കമ്മ്യൂണിക്കേറ്റീവ് & കോഗ്നിറ്റീവ് ന്യൂറോസയൻസസ് (ഐക്കൺസ്), ഷൊർണ്ണൂർ-679 523.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
ഡോ.ഹം.സ.എം (പീഡിയാട്രിക്), ഐക്കൺസ്, ഷൊർണ്ണൂർ-679 523.
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

മേലെപ്പറഞ്ഞ നം. ഇ3/ 8977/20 ഉത്തരവിൽ
01.01.2021

പകർപ്പ് അറിവിലേക്കും ആവശ്യമായ
നടപടികൾക്കുമായി അയച്ചിരിക്കുന്നു.

1/1/2021
ആരോഗ്യ വകുപ്പ് ഡയറക്ടർക്കുവേണ്ടി

01/01/21